പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2185 — 12.02.2013 - ൽ മറുപടിയ്ക്ക്

## പെരുമ്പാവൂർ വാഴക്കുളത്തു നടന്ന അക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ പെരുമ്പാവൂർ വാഴക്കുളത്തു വെച്ച് കേരള വാട്ടർ അതോറിറ്റിയുടെ നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ജീവനക്കാരെ ഡ്യൂട്ടിയ്ക്കിടയിൽ ഒരു സംഘം ആളുകൾ ചേർന്ന് 09.10.2012 ന് കൈയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | സംഭവം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷെ ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും കൈയ്യേറ്റ ശ്രമത്തിന്റെ കാരണം വ്യക്തമല്ല എന്നും ആ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | അനധികൃതമായി വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ഉപയോഗിച്ച് സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറി നടത്തുന്നതിനെ തടഞ്ഞതിന്റെ പേരിലാണ് കയ്യേറ്റമുണ്ടായതെന്ന് അറിയുമോ ; | | |
| (സി) | ഈ സംഭവത്തിന്റെ ഭാഗമായി സ്വീകരിച്ച മേൽനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (സി) | ഈ സംഭവത്തിന്മേൽ ആഭ്യന്തര വകുപ്പിന് പരാതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് എടുത്തിട്ടില്ല. എന്നാൽ സംഭവത്തിന്മേൽ ജലവിഭവ വകുപ്പ് വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. |

Joseph [signature]
സെക്ഷൻ ഓഫീസർ